കേരള സർക്കാർ

സംഗ്രഹം

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ചിരുന്ന വിവിധ ലോക്ക് ഡൗൺ കാലയളവുകളിൽ ജോലിക്ക് ഹാജരാകാൻ സാധിക്കാതിരുന്ന ദിവസ വേതന/കരാർ ജീവനക്കാർക്ക് പ്രസ്തുത ദിവസങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് വേതനം അനുവദിക്കുന്നതു സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ (അച്ചടി) നം. 99/2020/ധന                തിരുവനന്തപുരം, തീയതി, 30/07/2020

---

പരാമർശം:
1. 26/03/2020- ലെ സ.ഉ.(പി)നം.33/2020/ധന ഉത്തരവ്
2. 08/05/2020-ലെ സ.ഉ.(പി)നം.57/2020/ധന ഉത്തരവ്
3. 08/06/2020-ലെ സ.ഉ.(പി)നം.75/2020/ധന ഉത്തരവ്

## ഉത്തരവ്

സർക്കാർ പ്രഖ്യാപിച്ച വിവിധ ലോക്ക് ഡൗൺ കാലയളവുകളിൽ ജോലിക്ക് ഹാജരാകാൻ സാധിക്കാതിരുന്ന ദിവസ വേതന/കരാർ ജീവനക്കാർക്ക് പ്രസ്തുത ദിവസങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് വേതനം അനുവദിക്കുന്നതിന് പരാമർശം (1),(2),(3) എന്നിവ പ്രകാരം ഉത്തരവായിരുന്നു. സംസ്ഥാനത്ത് കോവിഡ്-19 മഹാമാരി അതിരൂക്ഷമായ സാഹചര്യത്തിൽ മിക്ക പ്രദേശങ്ങളും കണ്ടെയിൻമെന്റ് സോണുകളായും /ഹോട്ട് സ്പോട്ടുകളായും പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ **പൊതു ഗതാഗതം നിരോധിച്ചിട്ടുള്ള കണ്ടെയിൻമെന്റ് സോണുകളിൽ /ഹോട്ട് സ്പോട്ടുകളായി പ്രഖ്യാപിച്ചിട്ടുള്ള മേഖലകളിൽ ജോലിചെയ്യുന്ന/ താമസിക്കുന്ന** ദിവസ വേതന /കരാർ ജീവനക്കാർക്ക് ലോക്ക് ഡൗൺ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച്, ദിവസ വേതന /കരാർ വേതനം സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്കു വിധേയമായി വേതനം നല്കുന്നതിനും മറ്റു മേഖലകളിലെ ദിവസവേതന/കരാർ ജീവനക്കാർ ലോക്ക് ഡൗൺ കാലയളവിൽ ഒരു മാസത്തെ പ്രവർത്തിദിനങ്ങളുടെ 50% മോ അധിലധികമോ ദിവസങ്ങൾ ജോലിയ്ക്ക് ഹാജരാകുന്നതെങ്കിൽ പ്രസ്തുത മാസം ഹാജരാകേണ്ടിയിരുന്ന മുഴുവൻ ദിവസങ്ങളും ഡ്യൂട്ടിയായി പരിഗണിച്ച് വേതനം നൽകുന്നതിനും 50 ശതമാനത്തിൽ കുറവ് ദിവസങ്ങളിലാണ് ജോലിയ്ക്ക് ഹാജരാകുന്നതെങ്കിൽ ഹാജരാകുന്ന ദിവസങ്ങളിലേയ്ക്ക് മാത്രം വേതനം നൽകുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലത. എസ്.**

അഡീഷണൽ സെക്രട്ടറി(ധനകാര്യം)

പകർപ്പ്,

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള. തിരുവനന്തപുരം

REDMI NOTE 8
AI QUAD CAMERA